# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2946 10.05.2017 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സദാചാര ഗുണ്ടകളുടെ ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 2017 ഫെബ്രുവരി 9-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സദാചാര ഗുണ്ടകൾ തൃശ്ശൂർ സ്വദേശി ടി. പി. ജിജീഷിനെയും 2 പെൺകുട്ടികളെയും ആക്രമിച്ചതായി പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പോലീസ് ഏതെല്ലാം വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസെടുത്തിട്ടുള്ളത്; | (ബി) | കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 190/2017 u/s 143, 147, 148, 149, 341, 323, 324 & 506 IPC അന്വേഷണത്തിന്റെ ഭാഗമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ u/s 249(b) & 354 IPC എന്നീ സെക്ഷനുകൾ കൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. |
| (സി) | ഇതിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾ ആരെല്ലാമാണ്; ഇവരുടെ വിശദവിവരം നൽകുമോ; ഇവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? | (സി) | കേസിൽ ഉൾപ്പെട്ട പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു. 1) തസ്ളീം S/o. താജുദ്ദീൻ, 2) സജിത് എസ്.രാജൻ, S/o. ശിവരാജൻ, 3) രജീഷ്, S/o. രാജേന്ദ്രൻ നായർ, 4) ഷബാന D/o. ഷീബ, 5) വികാസ് ഗോവിന്ദ്, S/o. ഗോവിന്ദപിള്ള, 6) ആദർശ് S/o. ശിവൻകുട്ടി, 7) അരവിന്ദ് S/o. ശ്രീകുമാരൻ നായർ, 8) വൈശാഖ്, S/o. ബാബു.<br>മേൽപ്പറഞ്ഞ കേസിലെ 1 ഉം 2 ഉം 3 ഉം 6 ഉം പ്രതികളായി ഉൾപ്പെട്ടിട്ടുള്ളവർക്ക് ബഹു.മാനപ്പെട്ട കേരള ഹൈക്കോടതിയുടെ ബി.എ.-2-2114/2017-ാം നമ്പർ ജാമ്യാപേക്ഷയിന്മേലുള്ള ഉത്തരവ് പ്രകാരം ജാമ്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.